REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** **16-01-2026** **സമയം** **06.45 AM**

## പ്രധാന വാർത്തകൾ

- **ഇന്ന് ദേശീയ സ്റ്റാർട്ട് അപ്പ് ദിനം. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ദിനാഘോഷത്തെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിസംബോധന ചെയ്യും.**
- **രാജ്യത്തെ വൈദ്യുതി ഉൽപ്പാദന ശേഷി ഇരട്ടിയിലധികം വർദ്ധിച്ചതായി കേന്ദ്രമന്ത്രി മനോഹർലാൽ ഖട്ടർ**
- **സംസ്ഥാന സ്കൂൾ കലോത്സവത്തിൽ കണ്ണൂരും കോഴിക്കോടും ഇഞ്ചോടിഞ്ച് പോരാട്ടം തുടരുന്നു.**
- **കേരളത്തിന്റെ കുംഭമേളയെന്നു വിശേഷിപ്പിക്കുന്ന മഹാമാഘ മഹോത്സവത്തിന്റെ വിശേഷാൽ പൂജകൾക്ക് മലപ്പുറം തിരുനാവായ-യിൽ ഇന്ന് തുടക്കമാകും.**
- **ICC അണ്ടർ 19 പുരുഷ ക്രിക്കറ്റ് ലോകകപ്പ് ഉദ്ഘാടന മത്സരത്തിൽ ഇന്ത്യ അമേരിക്കയെ ആറ് വിക്കറ്റിന് തോൽപ്പിച്ചു.**

## വാർത്തകൾ വിശദമായി

ഇന്ന് ദേശീയ സ്റ്റാർട്ട് അപ്പ് ദിനം. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ദിനാഘോഷത്തെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിസംബോധന ചെയ്യും.

ഡെസ്ക് റിപ്പോർട്ട് .

...(വോയ്സ്)............

തൊഴിൽദാതാക്കളുടെ രാജ്യമായി ഇന്ത്യയെ മാറ്റുക എന്ന ലക്ഷ്യത്തോടെ 2016 ജനുവരി 16 ന് പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് സ്റ്റാർട്ടപ്പ് ഇന്ത്യയ്ക്ക് തുടക്കം

കുറിച്ചത്. നൂതനാശയങ്ങൾ വളർത്തുന്നതിനും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും നിക്ഷേപാധിഷ്ഠിത വളർച്ച സാധ്യമാക്കുന്ന ദേശീയ പദ്ധതിയാണ് സ്റ്റാർട്ടപ്പ് ഇന്ത്യ. 2047 ലെ വികസിത് ഭാരതത്തിലേക്ക് ഇന്ത്യയുടെ യാത്രയിൽ നിർണായക പങ്ക് വഹിക്കുന്ന പദ്ധതിയാണിത്.

പോയ ദശകത്തിൽ, ഇന്ത്യയുടെ സാമ്പത്തിക, നവീകരണ ഘടനയിൽ നാഴികക്കല്ലായി സ്റ്റാർട്ടപ്പ് ഇന്ത്യ ഉയർന്നുവന്നിട്ടുണ്ട്. രാജ്യത്ത് രണ്ട് ലക്ഷത്തിലധികം സ്റ്റാർട്ടപ്പുകൾ അംഗീകരിക്കപ്പെട്ടു. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും, സാമ്പത്തിക വളർച്ചയിലും, വിവിധ മേഖലകളിലെ ആഭ്യന്തര മൂല്യശൃംഖലകൾ ശക്തിപ്പെടുത്തുന്നതിലും പദ്ധതി പ്രധാന പങ്കുവഹിക്കുന്നുണ്ട്.

സ്റ്റാർട്ട് അപ്പ് ഇന്ത്യ പദ്ധതി പത്ത് വർഷം പൂർത്തിയാക്കുന്ന വേളയിൽ തിരഞ്ഞെടുത്ത സ്റ്റാർട്ടപ്പ് പ്രതിനിധികൾ ദിനാഘോഷത്തിൽ അവരുടെ അനുഭവങ്ങൾ പങ്കിടും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ അസമിൽ വന്ദേ ഭാരത് സ്ലീപ്പർ എക്സ്പ്രസ് ഉൾപ്പെടെ നിരവധി ട്രെയിനുകൾ ഫ്ലാഗ് ഓഫ് ചെയ്യും. പശ്ചിമബംഗാളിലെ - ഹൗറ, അസമിലെ കാമാഖ്യ എന്നീ സ്ഥലങ്ങളെ ബന്ധിപ്പിക്കുന്നതിന് പുതുതായി രൂപകൽപ്പന ചെയ്തതാണ് വന്ദേഭാരത് സ്ലീപ്പർ എക്സ്പ്രസ്.

മറ്റന്നാൾ, ഹൗറ-ആനന്ദ് വിഹാർ ടെർമിനൽ അമൃത് ഭാരത് എക്സ്പ്രസ്, സീൽദ-വാരണാസി അമൃത് ഭാരത് എക്സ്പ്രസ്, സാന്ദ്രഗച്ചി-താംബരം അമൃത് ഭാരത് എക്സ്പ്രസ് എന്നീ ട്രെയിനുകളും പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും.

✪✪✪

ഗോവ, ലക്ഷദ്വീപ്, രാജസ്ഥാൻ, പുതുച്ചേരി, പശ്ചിമബംഗാൾ എന്നിവിടങ്ങളിലെ S.I.R സമയപരിധി തിരഞ്ഞെടുപ്പ് കമ്മീഷൻ ഈ മാസം 19 വരെ നീട്ടി. വോട്ടർമാർക്ക് 19 വരെ അവകാശവാദങ്ങളും എതിർപ്പുകളും സമർപ്പിക്കാമെന്ന് കമ്മീഷൻ അറിയിച്ചു.

✪✪✪

രാജ്യത്തെ വൈദ്യുതി ഉൽപ്പാദന ശേഷി ഇരട്ടിയിലധികം വർദ്ധിച്ചതായി കേന്ദ്രമന്ത്രി മനോഹർലാൽ ഖട്ടർ പറഞ്ഞു. 2014 ൽ 249 ജിഗാവാട്ട് ആയിരുന്ന ഉത്പാദന ശേഷി, 2025 ൽ 510 ജിഗാവാട്ടായി വർദ്ധിച്ചതായി അദ്ദേഹം പറഞ്ഞു.

ഭാരത് വൈദ്യുതി ഉച്ചകോടിയുടെ മുന്നോടിയായി ന്യൂഡൽഹിയിൽ നടന്ന പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി. മാർച്ച് 19 മുതൽ 22 വരെ ന്യൂഡൽഹിയിലെ യശോഭൂമിയിലാണ് ഭാരത് വൈദ്യുതി ഉച്ചകോടി.

✪✪✪

ഹജ്ജ് തീർത്ഥാടകർക്ക് കോഡൽ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ ഒറ്റത്തവണ അന്തിമ കാലാവധി ഈ മാസം 25 വരെ നീട്ടിയതായി ന്യൂനപക്ഷകാര്യ മന്ത്രാലയം അറിയിച്ചു. കൂടുതൽ സമയം ആവശ്യപ്പെട്ട് തീർഥാടകരിൽ നിന്ന് ലഭിച്ച അപേക്ഷ പരിഗണിച്ചാണ് മന്ത്രാലയത്തിന്റെ നടപടി. ഈ കാലയളവിൽ തീർഥാടകർ ബുക്കിംഗ് പൂർത്തിയാക്കണമെന്നും, പാസ്പോർട്ടുകൾ ഇന്ത്യൻ ഹജ്ജ് കമ്മിറ്റിക്കോ, ബന്ധപ്പെട്ട ഹജ്ജ് ഗ്രൂപ്പ് സംഘാടകർക്കോ സമർപ്പിക്കണമെന്നും, നുസുക് പോർട്ടലിൽ ബോർഡിംഗ് ഉറപ്പാക്കണമെന്നും മന്ത്രാലയം വ്യക്തമാക്കി.

✪✪✪

കുടുംബശ്രീയുടെ കാർഷിക ഭക്ഷ്യവിഭവങ്ങൾ K-ഇനം എന്ന പുതിയ ബ്രാൻഡിൽ ആഗോള വിപണിയിലേക്കെത്തിക്കുന്നു. മന്ത്രി MB രാജേഷ് ഉൽപന്നങ്ങളുടെ ലോഞ്ചിങ്ങ് നാളെ എറണാകുളത്ത് നിർവഹിക്കും. ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ച് തയ്യാറാക്കിയ മുപ്പത് പ്രീമിയം ബ്രാൻഡ് ഭക്ഷ്യോൽപന്നങ്ങളാണ് കുടുംബശ്രീ, ആഗോള വിപണിയിൽ എത്തിക്കുന്നത്.

✪✪✪

ഗുരുവായൂരിനും തൃശ്ശൂരിനുമിടയിൽ വൈകീട്ട് ഓടിയിരുന്ന പാസഞ്ചർ ട്രെയിൻ പുനഃസ്ഥാപിച്ചു. കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപിയുടെ ശ്രമഫലമായാണ് ട്രെയിൻ പുനഃസ്ഥാപിച്ചത്. ഗുരുവായൂർ - തൃശ്ശൂർ പാസഞ്ചർ വൈകീട്ട് 6-10 ന് ഗുരുവായൂരിൽ നിന്നും പുറപ്പെട്ട് 6.50-ന് തൃശ്ശൂരിൽ എത്തും. തിരിച്ച് തൃശ്ശൂരിൽ നിന്നും രാത്രി 8.10-ന് പുറപ്പെടുന്ന ട്രെയിൻ, 10.45-ന് ഗുരുവായൂരിൽ എത്തും.

✪✪✪

64-ാമത് സംസ്ഥാന സ്കൂൾ കലോത്സവം മൂന്നാം ദിനത്തിലേക്ക് കടക്കുമ്പോൾ കണ്ണൂരും കോഴിക്കോടും ഇഞ്ചോടിഞ്ച് പോരാട്ടം തുടരുന്നു. ഒടുവിൽ ലഭിച്ച പോയിന്റ് നിലയനുസരിച്ച് കണ്ണൂർ 487 പോയിന്റുമായി മുന്നിട്ടു നിൽക്കുന്നു. കോഴിക്കോട് 483 പോയിന്റുമായി രണ്ടാം സ്ഥാനത്തും, ആതിഥേയരായ തൃശൂർ 481 പോയിന്റുമായി തൊട്ടു പുറകിലുണ്ട്.

തൃശൂരിൽ നിന്ന് ഭരിത പ്രതാപ്........

✪✪✪

ശബരിമല മകരവിളക്ക് തീർത്ഥാടനകാലത്തെ പടിപൂജയ്ക്ക് ഇന്ന് തുടക്കമാകും. ദീപാരാധനയ്ക്ക് ശേഷം വൈകിട്ട് 6.45 ഓടെയാണ് പൂജ. ഈ സമയം ഭക്തർക്ക് പ്രവേശനമില്ല. ശബരിമല അടക്കം 18 മലകളെയാണ് പടികൾ പ്രതിനിധാനം ചെയ്യുന്നതെന്നാണ് സങ്കൽപ്പം.

✪✪✪

മകരവിളക്ക് മഹോത്സവത്തിന്റെ ഭാഗമായി ശബരിമല ദർശനത്തിന് സ്പോട്ട് ബുക്കിംഗ് കൗണ്ടറുകൾ ഈ മാസം 19 വരെ പ്രവർത്തിക്കും. പമ്പ, നിലയ്ക്കൽ, എരുമേലി എന്നിവിടങ്ങളിലാണ് സ്പോട്ട് ബുക്കിംഗ് സൗകര്യമുള്ളത്. വെർച്വൽ ക്യൂ ബുക്കിംഗും 19 വരെയുണ്ടാകും. നാളെ വരെയാണ് തിരുവാഭരണം ചാർത്തി അയ്യപ്പദർശനം.

✪✪✪

കേരളത്തിന്റെ കുംഭമേളയെന്നു വിശേഷിപ്പിക്കുന്ന മഹാമാഘ മഹോത്സവത്തിന്റെ വിശേഷാൽ പൂജകൾക്ക് മലപ്പുറം തിരുനാവായ-യിൽ ഇന്ന് തുടക്കമാകും. ഈ മാസം 19 മുതൽ അടുത്ത മാസം മൂന്നു വരെയാണ് മഹാമാഘ മഹോത്സവം. 19-ന് രാവിലെ നാവാമുകുന്ദ ക്ഷേത്ര പരിസരത്ത് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ കുംഭമേള ഉദ്ഘാടനം ചെയ്യും. ചടങ്ങുകൾ സുഗമമായി നടത്താൻ ഒരുക്കങ്ങൾ പൂർത്തിയായതായി മഹാമാഘം സഭാപതി മഹാമണ്ഡലേശ്വർ സ്വാമി ആനന്ദവനം ഭാരതി അറിയിച്ചു.

മേളയുടെ ഒരുക്കങ്ങളുടെ ഭാഗമായി പുഴയിൽ നടത്തുന്ന നിർമാണപ്രവർത്തനങ്ങൾക്ക് നേരത്തേ റവന്യൂവകുപ്പ് സ്റ്റോപ്പ് മെമ്മോ നൽകിയിരുന്നു. എന്നാൽ മഹാമാഘമഹോത്സവ സമിതി ചെയർമാൻ അരീക്കര സുധീർ നമ്പൂതിരിയുടെ നേതൃത്വത്തിൽ സംഘാടകർ വ്യാഴാഴ്ച കളക്ടർ V.R വിനോദുമായി ചർച്ചനടത്തിയതിനെത്തുടർന്ന് പ്രവർത്തനങ്ങൾ തുടരാനും ചടങ്ങുകൾ നടത്താനും ജില്ലാഭരണകൂടം കർശന നിബന്ധനകളോടെ വാക്കാൽ അനുമതിനൽകി.

ഇന്നലെ വൈകീട്ട് മലപ്പുറം ജില്ലാപോലീസ് മേധാവി R.വിശ്വനാഥിന്റെ നേതൃത്വത്തിൽ സംഘം സുരക്ഷാസംവിധാനങ്ങൾ പരിശോധിച്ചു.

✪✪✪

കണ്ണൂർ കൃഷ്ണമേനോൻ സ്മാരക ഗവ. വനിത കോളേജിൽ നടക്കുന്ന ക്വാണ്ടം സെഞ്ച്വറി എക്സിബിഷൻ നാളെ സമാപിക്കും. വനിത കോളേജിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായാണ് പ്രദർശനം.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ.

.....(വോയ്സ് )....

✪✪✪

ICC അണ്ടർ 19 പുരുഷ ക്രിക്കറ്റ് ലോകകപ്പിൽ സിംബാംബ്‌വെയിൽ ഉദ്ഘാടന മത്സരത്തിൽ ഇന്ത്യ അമേരിക്കയെ ആറ് വിക്കറ്റിന് തോൽപ്പിച്ചു. മഴ നിയമമനുസരിച്ചായിരുന്നു ഇന്ത്യയുടെ വിജയം. ആദ്യം ബാറ്റ് ചെയ്ത USA 35.2 ഓവറിൽ 107 റൺസിന് എല്ലാവരും പുറത്തായി. പിന്നീട് മഴ കാരണം 37 ഓവറാക്കി ചുരുക്കിയ മത്സരത്തിൽ 96 റൺസെന്ന ലക്ഷ്യം ഇന്ത്യ അനായാസം മറികടന്നു.

ഗ്രൂപ്പ് A യിലെ രണ്ടാം മത്സരത്തിൽ ഇന്ത്യ നാളെ ബംഗ്ലാദേശിനെ നേരിടും.

✪✪✪

മുംബെയിൽ വനിതാ പ്രീമിയർ ലീഗ് ട്വന്റി 20 ക്രിക്കറ്റിൽ UP വാരിയേഴ്സ്, മുംബെ ഇന്ത്യൻസിനെ തോൽപ്പിച്ചു. മുംബെ ഉയർത്തിയ 162 റൺസ് വിജയലക്ഷ്യം UP 19-ാം ഓവറിൽ മറി കടന്നു.

ഇന്ന് ഗുജറാത്ത്, ബംഗളുരുവിനെ നേരിടും. രാത്രി 7.30 നാണ് മത്സരം.

✪✪✪

ഇന്ത്യ ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റിന്റെ പുരുഷ സിംഗിൾസ് ക്വാർട്ടർ ഫൈനലിൽ ന്യൂഡൽഹിയിൽ ഇന്ന്, ഇന്ത്യൻ താരം ലക്ഷ്യാസെൻ, ചൈനീസ് തായ്പേയിയുടെ ലിൻ ചുൻ-യിയെ നേരിടും. ജപ്പാൻ താരത്തെ പരാജയപ്പെടുത്തിയാണ് ലക്ഷ്യാസെൻ ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചത്.

✪✪✪

വിജയ്ഹസാരെ ക്രിക്കറ്റിൽ കർണാടകയെ 6 വിക്കറ്റിന് പരാജയപ്പെടുത്തി വിദർഭ ഫൈനലിൽ കടന്നു. ബംഗളുരുവിൽ കർണാടക ഉയർത്തിയ 281 റൺസ് വിജയലക്ഷ്യം വിദർഭ 47ാം ഓവറിൽ മറികടന്നു.

✪✪✪

LDF ഗവൺമെന്റിന്റെ മദ്യനയം കാപട്യമാണെന്ന് MK രാഘവൻ M.P കുറ്റപ്പെടുത്തി. ഒരു വശത്ത്, മദ്യം വിപത്തെന്ന് പറയുകയും, മറുവശത്ത്, മദ്യവില്പന വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യുന്ന നയമാണ് ഗവൺമെന്റിന്റേതെന്ന് അദ്ദേഹം പറഞ്ഞു. കേരള മദ്യനിരോധനസമിതി സംസ്ഥാന കൺവൻഷൻ കോഴിക്കോട് ഗാന്ധിഗൃഹത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു MP.

✪✪✪

വയോജനങ്ങളുടെ അനുഭവജ്ഞാനം സാമൂഹിക പുരോഗതിക്ക് പ്രയോജനപ്പെടുത്തണമെന്ന് വയോജന കമ്മീഷൻ ചെയർപേഴ്സൺ K.സോമപ്രസാദ് പറഞ്ഞു. സംസ്ഥാന വയോജന കമീഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച നിർദേശങ്ങളും അഭിപ്രായങ്ങളും സ്വരൂപിക്കാൻ കോഴിക്കോട് കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

ശാസ്ത്ര പ്രചാരകനും, എഴുത്തുകാരനും, കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ മുതിർന്ന പ്രവർത്തകനുമായ P.P.Kപൊതുവാളിനെ നാളെ കാസർകോട് തൃക്കരിപ്പൂരിൽ ആദരിക്കും. തൃക്കരിപ്പൂർ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ നടക്കുന്ന പരിപാടി മന്ത്രി A.K ശശീന്ദ്രൻ ഉദ്ഘാടനം ചെയ്യും.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: ശരണ്യ രാജൻ*
*NRTs: രജിന കെ*
*DEO: ഷീബ*